**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3871** **09-10-2025 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് നിർത്തലാക്കിയ സർവീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് ഓപ്പറേറ്റ് ചെയ്തിരുന്ന ഏതെല്ലാം സർവീസുകളാണ് നിർത്തലാക്കിയിട്ടുള്ളത്; ആയതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന സർവീസുകൾ ഒന്നും തന്നെ പൂർണ്ണമായും നിർത്തിവച്ചിട്ടില്ല. എന്നാൽ യാത്രക്കാരുടെ കുറവ് മൂലം ഡീസൽ ചെലവിനു പോലും വരുമാനം ലഭ്യമാകാത്ത താഴെ പറയുന്ന 4 സർവീസുകൾ വരുമാനലഭ്യത ഉറപ്പുവരുത്തുന്ന രീതിയിലും യാത്രക്കാർക്ക് ആവശ്യമായ ട്രിപ്പുകൾ ലഭ്യമാകുന്ന വിധത്തിലും പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്തു വരുന്നുണ്ട്.<br>1. 15.12 മുരിക്കാശ്ശേരി<br>2. 11.00 കുമിളി<br>3. 11.20 ചമ്പക്കുളം<br>4. 13.15 കോട്ടയം<br>മുരിക്കാശ്ശേരി സർവീസിലെ ട്രിപ്പുകൾ 15.50 മുണ്ടക്കയം, 16.20 കട്ടപ്പന എന്നീ സർവീസുകളിലും, കുമിളി സർവീസിലെ ട്രിപ്പുകൾ 12.30 കുമിളി ഫാസ്റ്റ് പാസഞ്ചർ ആയും, ചമ്പക്കുളം സർവീസിലെ ട്രിപ്പുകൾ ചങ്ങനാശ്ശേരി - ചമ്പക്കുളം 4 ഷെഡ്യൂളുകളായും, കോട്ടയം സർവീസിലെ ട്രിപ്പുകൾ വർദ്ധിപ്പിച്ചും സർവീസ് നടത്തി വരുന്നുണ്ട്. |
| (ബി) | ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്ന് അമൃത ആശുപത്രിയിലേക്കുള്ള സർവീസ്, ചങ്ങനാശ്ശേരി - ഗുരുവായൂർ സർവീസ് എന്നിവ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്ന് അമൃത ആശുപത്രി, ഗുരുവായൂർ എന്നീ സർവീസുകൾ ആരംഭിക്കണമെന്ന ആവശ്യം സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. |
| (സി) | ബസ് സർവീസുകൾ നിർത്തലാക്കിയ റൂട്ടുകളിലെ യാത്രക്കാർക്ക് യാത്രചെയ്യുന്നതിനായി എന്തെല്ലാം ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന സർവീസുകൾ ഒന്നും തന്നെ പൂർണ്ണമായും നിർത്തിവച്ചിട്ടില്ല. പ്രസ്തുത ട്രിപ്പുകൾ പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ